## 33

സ്തോത്രം ശ്രീ മനുവേലനേ മമ ജീവനേ മഹേശനേ!

1 പാർത്തലത്തിൽ പരിശ്രയമായ്
പാരിൽ വന്ന നാഥനെ മമ ജീവനേ മഹേശനേ!

2 ആദിപിതാ-വോതിയതാം
ആദിവേദനാദമേ! മമ ജീവനേ മഹേശനേ!

3 മാനവസ-മ്മാനിതനേ
മാനനീയരൂപനേ മമ ജീവനേ മഹേശനേ!

4 സാദരമാ-ദൂതഗണം
ഗീതം പാടിവാഴ്ത്തിടും മമ ജീവനേ മഹേശനേ!

5 ജീവകൃപാ-ജലം ചൊരിയും
ജീവവർഷമേഘമേ മമ ജീവനേ മഹേശനേ!

6 സ്വന്ത രക്തം ചിന്തിയെന്നെ
ഹന്ത! വീടെടുത്തതാൽ മമ ജീവനേ മഹേശനേ!

7 രാജസുതാ! പൂജിതനേ
രാജരാജനേശുവേ മമ ജീവനേ മഹേശനേ!

8 താവകമാം നാമമഹോ
ഭാവനീയമാം സദാ മമ ജീവനേ മഹേശനേ! **K.V.S**